പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4103 27/06/2012-ൽ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ചികിത്സാ ബില്ലുകൾ ആശുപത്രികളിലെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആഫീസിൽ നൽകിയാൽ തുക താമസംവിനാ മാറി നൽകാൻ സംവിധാനമുണ്ടോ; | (ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായവർക്ക് തിരഞ്ഞെടുക്കപ്പെട്ട സർക്കാർ-സ്വകാര്യ ആശുപത്രികളിൽ പദ്ധതി മാനദണ്ഡ പ്രകാരമുള്ള ചികിത്സ സൗജന്യമായാണ് ലഭിക്കുന്നത്. ഇതിന് വേണ്ടിവരുന്ന ചിലവ് ഇൻഷ്വറൻസ് ഏജൻസി ആശുപത്രികൾക്ക് നേരിട്ടാണ് നൽകുന്നത്. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം രോഗികൾക്ക് അനുവദിച്ച യാത്രാപ്പടി എത്രയാണ്; ആയത് രോഗികൾക്ക് ലഭ്യമാക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ? | (സി) ഓരോ ആശുപത്രി യാത്രയ്ക്കും 100/- രൂപ പ്രകാരം ഒരു വർഷം പരമാവധി 1000/- രൂപ യാത്രാപ്പടിയായി രോഗികൾക്ക് നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ